# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.4977 21.10.2011 ൽ മറുപടിക്ക്

## ആധാർ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |

(എ) എന്താണ് ആധാർ രജിസ്ട്രേഷൻ, എന്നുമുതലാണ് ഇത് ഓരോ ജില്ലയിലും നടപ്പാക്കിവരുന്നത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും എന്നാണ് ഇവ പൂർത്തിയാക്കേണ്ടത്; ഇതുകൊണ്ടുള്ള പ്രയോജനമെന്താണ്;

(എ) ഇന്ത്യയിൽ താമസിക്കുന്ന മുഴുവൻ ജനങ്ങൾക്കും അവരെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങളും ബയോമെട്രിക് വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് നൽകുന്ന 12 അക്ക തിരിച്ചറിയൽ നമ്പർ ആണ് ആധാർ. കേന്ദ്ര പ്ലാനിംഗ് കമ്മീഷനു കീഴിൽ രൂപീകരിച്ചിട്ടുള്ള യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയാണ് (യു.ഐ.ഡി. എ.ഐ) ആധാർ പദ്ധതി നടപ്പിലാക്കുന്നത്.

പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിൽ 2011 മാർച്ചുമാസം മുതൽ എൻറോൾമെന്റ് തുടങ്ങുകയും തുടർന്ന് 2011 ജൂൺ മുതൽ സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.

2012 മാർച്ച് മാസം അവസാനത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും ആധാർ രജിസ്ട്രേഷൻ പൂർത്തിയാക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്.

ആധാർ നമ്പർ ഒരു വ്യക്തിയുടെ പേര് പോലെ ഒരാളെ തിരിച്ചറിയാൻ ഉപയോഗിക്കാം. ഭാവിയിൽ എല്ലാ ഇ-ഗവേണൻസ് പദ്ധതികളുമായും ആധാറിനെ ബന്ധിപ്പിക്കാൻ സാധിക്കും. ഇതു വഴി വ്യക്തികളുടെ ഐഡന്റിറ്റി തെളിയിക്കേണ്ട ആവശ്യം വരുന്ന സന്ദർഭങ്ങളിൽ ആധാർ നമ്പർ വഴിയുള്ള പരിശോധന എളുപ്പത്തിൽ നടത്താൻ കഴിയും. പൊതു വിതരണ ശൃംഖലവഴിയുള്ള സബ്സിഡികൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് തന്നെയാണ് ലഭിക്കുന്നത് എന്നുറപ്പു വരുത്താനും ഇത് ഉപയോഗിക്കാം.

| | | | |
|---|---|---|---|
| (ബി) | ഇതുസംബന്ധിച്ച് ജനങ്ങൾക്കിടയിലുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | അക്ഷയ മുഖേന ജില്ലാതലത്തിൽ ആധാർ പദ്ധതി സംബന്ധിച്ച് പദ്ധതി വിശദീകരണം നൽകുകയും ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് ഭരണ സമിതികളിൽ അവബോധം സൃഷ്ടിച്ച് പൊതുജനങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എൻറോൾമെന്റ് സെന്ററുകളിൽ സംശയ നിവാരണത്തിനും സഹായത്തിനുമായി ഹെൽപ്പ് ഡസ്കുകൾ സജ്ജമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ